1951-ലെ ഇൻഡ്യൻ സെൻസസ്സ്.

652

# എന്യൂമറേഷൻ മാനുവൽ.

## (പരിശിഷ്ടം)

G. V. SMARAKA GRANDHASALA
GRANDHASALA
THENMOORNOCAM
VAMANDOR...

## തിരുവിതാംകൂർ-കൊച്ചി

## സംസ്ഥാനം

തിരുവിതാംകൂർ-കൊച്ചി സെൻസസ്സ് സൂപ്രണ്ട് പ്രസിദ്ധീക

# 1951-ലെ ഇൻഡ്യൻ സെൻസസ്സ്.

പരിശീലനത്തിൽ ഏകീകരണം വരുത്തുന്നതിനു വേണ്ടി 1, 4, 9, 10, 11, 13 എന്നീ ചോദ്യങ്ങളെ സംബന്ധിച്ച് കൂടുതൽ വിശദീകരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു. മററുള്ള ചോദ്യങ്ങൾക്ക് മുൻപു കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ മതിയാകുമെന്നാണു വിശ്വാസം. (പരിശീലനത്തിനുവേണ്ടി 5 കാർഡുകൾ അടങ്ങിയ ഒരു പാഡു് ഇതോടുകൂടി തരുന്നതാണു്. അവയെ പൂരിപ്പിച്ച് സൂപ്പർവൈസറെ കാണിക്കുക.)

ചോദ്യം 1.

എന്യൂമറേററു് ചെയ്യുന്ന ആളിൻെറ പേരു് ഇനിഷ്യലോടുകൂടി എഴുതുക. ഇനിഷ്യൽ, പേരിൻെറ ആദ്യം തന്നെ എഴുതണം.

സമ്മതിദായകപ്പട്ടിക വർഷംതോറും പുതുക്കുന്നതിനുവേണ്ടി നാഷണൽ രജിസ്റ്റർ ഉപയോഗിക്കുന്നതായിരിക്കും, അതിനാൽ ഈ ചോദ്യത്തിൻെറ ഉത്തരത്തിൽ ഒരു വിവരം കൂടി ചേക്കുവാൻ ഇൻഡ്യാഗവണ്മെൻറു് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നു. അതായതു് ഓരോ പൌരൻേറയും അച്ഛൻെറയോ, വിവാഹിതകളായ സ്ത്രീകളാണെങ്കിൽ ഭത്താവിൻെറയോ പേരു് ബ്രാക്കററിൽ എഴുതുക. ഇതു് ഒന്നാംകാളത്തിൽതന്നെ എഴുതേണ്ടതാണു്. ഇതിനു കൂടുതലായി വേണ്ടിവരുന്ന സ്ഥലം രണ്ടാം ചോദ്യം 6 വിഭാഗത്തിൽനിന്നു് ..ാവുന്നതാണു്.

2896/50.

അതുപോലെതന്നെ ഗൃഹനാഥന്മാരുടെ കാർഡുകളിൽ 1 എന്നും, ബന്ധുക്കളല്ലാത്തവരുടെ കാർഡുകളിൽ '0' എന്നും സന്ദർശകരുടെ കാർഡുകളിൽ 'V' എന്നും രേഖപ്പെടുത്തേണ്ടതാണ്. (ബന്ധങ്ങളെപ്പററി സൂപ്പർവൈസർമാക്കുണ്ടായ ധാരാളം സംശയങ്ങൾ കൊണ്ടാണ് ഈ മാററങ്ങൾ വരുത്തിയിട്ടുള്ളത്.) അടുത്തതോ അകന്നതോ ആയ ബന്ധുക്കളുടെ കാർഡുകളിൽ അവക്ക് ഗൃഹനാഥനോടുള്ള ബന്ധം എന്തെന്ന് ശരിയായ രൂപത്തിൽ എഴുതുക. ഈ വിവരം കാർഡുകളുടെ മുകൾഭാഗത്ത്, അതായത് കോഡ് നമ്പരിൻെറ മുകളിൽ വേണം എഴുതുവാൻ.

കുറിപ്പ്:—അകന്ന ബന്ധുക്കളുടെ കാർഡുകകളിൽ '2' എന്ന് എഴുതണമെന്ന് മുൻപ് നിർദ്ദേശിച്ചിരുന്നത് റദ്ദുചെയ്തിരിക്കുന്നു.

ചോദ്യം 4.

ഒരു വയസ്സുതികയാത്ത കുട്ടികളുടെ വയസ്സ് '0' എന്ന് എഴുതണം.

എന്യൂമറേററരുടെ സഹായത്താൽപോലും ചിലക്ക് അവരുടെ ശരിയായ വയസ്സ് പറയാൻ കഴിഞ്ഞില്ലെന്നു വന്നേക്കാം. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അവർ പറയുന്ന വയസ്സ് എഴുതിയിട്ട് അതിൻെറ കൂടെ ഒരു ചോദ്യചിഹ്നം ചേർക്കേണ്ടതാണ്.

ചോദ്യങ്ങൾ 9, 10, 11.

ഈ ചോദ്യങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഓരോ പൌരനോടും ഈ മൂന്നു ചോദ്യങ്ങളുടേയും ഉത്തരം ചോദിച്ചു മനസ്സിലാക്കിയതിന്നശേഷമേ ഓരോ ചോദ്യത്തിന്റേയും ഉത്തരം രേഖപ്പെടുത്താവൂ.

ചോദ്യം 9.

ആദ്യഭാഗം.

എല്ലാ ആളുകളേയും സ്വയം ജീവിക്കാൻ കഴിവുള്ളവരെന്നോ (Self-supporting) വരുമാനമുള്ള ആശ്രിതരെന്നോ (Earning-depandants) വരുമാനമില്ലാത്ത ആശ്രിതരെന്നോ (Non-earning dependants) തരം തിരിക്കണം.

മനുഷ്യക്ക് വിചാരിക്കാവുന്നതിൽ ഏററവും കുറഞ്ഞ ജീവിതത്തോതു് അനുസരിച്ചുപോലും ജീവിക്കുവാൻ നിർവ്വാഹമില്ലാത്തവണ്ണം വളരെ കുറച്ചുമാത്രം വരുമാനമുള്ള ധാരാളംപേർ നമ്മുടെ സംസ്ഥാനത്തിലുണ്ടെന്നുള്ളതു് തികച്ചും പരമാർത്ഥമാണു്. എന്നിരുന്നാലും ഒരാളുടെ വരുമാനം അയാളുടെ സ്വന്തം ജീവിതത്തോതു് അനുസരിച്ചു് (അതെത്രയോ ചെറുതായിരുന്നുകൊള്ളട്ടെ) കാലക്ഷേപത്തിനു മതിയാകുന്നതാണെങ്കിൽ അയാളെ സ്വയം ജീവിക്കുന്നവനായി (Self-supporting) കണക്കാക്കേണ്ടതാണു്. 9-ാം ചോദ്യ

ത്തിലെ ഈ ഭാഗം, ജനങ്ങളെ അവരുടെ ജീവിതത്തോതു് അനുസരിച്ചോ, ആദായമനുസരിച്ചോ തരംതിരിക്കാൻവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല; പിന്നെയോ, രാഷ്ട്രത്തിന്റേയും കുടുംബത്തിന്റേയും സാമ്പത്തികനിലയുടെ പശ്ചാത്തലത്തിൽ, ഓരോ പൌരനേയും അയാളുടെ യഥാർത്ഥനിലയനുസരിച്ചു് തരംതിരിക്കാൻവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണു്.

എല്ലാ കുടുംബങ്ങളിലും വരുമാനമുള്ള അംഗങ്ങളും വരുമാനമില്ലാത്ത അംഗങ്ങളും ഉണ്ടു്. ഇങ്ങനെയുള്ളവരെ വേർതിരിക്കാനാണു് 'സ്വയം ജീവിക്കാൻ കഴിവുള്ളവർ' (Self-supporting) എന്നും വരുമാനമില്ലാത്ത ആശ്രിതർ (Non-earning dependants) എന്നും ഉള്ള സംജ്ഞകൾ ഏർപ്പെടുത്തിയിട്ടുള്ളതു്. 'വരുമാനമുള്ള ആശ്രിതൻ (Earning—dependants) ഇതിനു രണ്ടിനും ഇടയ്ക്കുള്ള ഒരു വകുപ്പു് ആണു്. ഇക്കൂട്ടർക്കു് ഇൻഡ്യയിൽ മറ്റെല്ലായിടത്തേക്കാളും പ്രാധാന്യമുണ്ടെന്നു് വിശ്വസിക്കുന്നു. ഒരാളുടെ വരുമാനം അയാളുടെ സ്വന്തം ജീവിതത്തോതു് അനുസരിച്ചു അയാൾക്കു മാത്രംപോലും ജീവിക്കാൻ മതിയാകാത്തതാണെങ്കിൽ അയാളെയാണു് 'വരുമാനമുള്ള ആശ്രിതൻ' എന്നു പറയുന്നതു്.

കുറിപ്പു്:—യാചകർ 1 എന്ന വിഭാഗത്തിൽപ്പെടുന്നു. എന്തെന്നാൽ അവർ യാചിച്ചെങ്കിലും സ്വയം ജീവിക്കുന്നു.

ചോദ്യം - 9.

## രണ്ടാംഭാഗം.

സ്വയം ജീവിക്കാൻ കഴിവുള്ളവരുടെ മാത്രം ജോലിയുടെ സ്വഭാവത്തെ സംബന്ധിച്ച വിവരമാണ് ഈ ഭാഗത്തിൽ എഴുതേണ്ടത്.

വരുമാനമുള്ള ആശ്രിതരുടെ ജോലിയുടെ സ്വഭാവത്തെസംബന്ധിച്ച വിവരങ്ങൾ ഈ സെൻസസ്സിൽ ശേഖരിക്കണമെന്ന് വിചാരിക്കുന്നില്ല. (വരുമാനമില്ലാത്ത ആശ്രിതർക്ക് ജോലിയൊന്നും ഇല്ലെന്ന് സ്പഷ്ടമാണല്ലോ.) അതിനാൽ ഈ ചോദ്യത്തിൻെറ ആദ്യഭാഗത്തു 2, 3 എന്ന് രേഖപ്പെടുത്തിയിട്ടുള്ളവരുടെ കാർഡുകളിൽ രണ്ടാംഭാഗത്ത് '0' എന്ന് എഴുതിയാൽ മതി. ആദ്യഭാഗത്ത് 1 എന്ന് അടയാളപ്പെടുത്തിയവരുടെ കാർഡുകളിൽ, അവർ ജോലിക്കാരെ നിയമിച്ച് ജോലി ചെയ്യിച്ച് വരുമാനമുണ്ടാക്കുന്നവരോ, മറെറാരാളുടെ കീഴിൽ ജോലിചെയ്ത് വരുമാനമുണ്ടാക്കുന്നവരോ, സ്വതന്ത്രമായി ജോലിചെയ്ത് വരുമാനമുണ്ടാക്കുന്നവരോ, അടുത്തൂൺ പററി ജീവിക്കുന്നവരോ ആണെങ്കിൽ യഥാക്രമം 1, 2, 3, 0 എന്നിങ്ങനെ രേഖപ്പെടുത്തണം.

കുറിപ്പ്:— ആദ്യഭാഗത്തിൽ 1 എന്നു രേഖപ്പെടുത്തിയിട്ടുള്ളവരുടെ കാർഡുകളിൽ 10-ം 11-ം ചോദ്യങ്ങൾ പൂരിപ്പിച്ചതിനുശേഷമേ 9-ാംചോദ്യം രണ്ടാംഭാഗം പൂരിപ്പിക്കാവൂ.

ചോദ്യങ്ങൾ 10, 11.

9-ാംചോദ്യം 1-ാംഭാഗത്തിൽ '1' എന്ന് രേഖപ്പെടുത്തിയവർ.

ഈ ചോദ്യത്തിനുത്തരമെഴുതുന്നതിനുമുൻപ് എന്യൂമറേററു ചെയ്യുന്ന ആളിനോട്ട് അയാളുടെ പ്രധാന ആദായമാൎഗ്ഗമോ, മാൎഗ്ഗങ്ങളോ ഏതാണെന്ന് ചോദിക്കണം. അയാൾക്ക് ഒരു ആദായമാൎഗ്ഗമേ ഉള്ളുവെങ്കിൽ അതു് ഏതാണെന്ന് 10-ാം ചോദ്യത്തിനെതിരെ എഴുതുക. 11-ാംചോദ്യത്തിന് '0' എന്ന് എഴുതിയാൽ മതിയാകും.

ഒന്നിൽ കൂടുതൽ ആദായമാൎഗ്ഗങ്ങളുണ്ടെങ്കിൽ അതിൽ ഏററവും കൂടിയ വരുമാനമുള്ള ആദായമാൎഗ്ഗത്തിൻെറ വിവരം 10-ാംചോദ്യത്തിനെതിരെയും രണ്ടാമത്തെ ഏററവും കൂടിയ ആദായമാൎഗ്ഗം 11-ാംചോദ്യത്തിനെതിരെയും എഴുതണം.

10-ം 11-ം ചോദ്യങ്ങൾക്ക് ഉത്തരം എഴുതുമ്പോൾ കൃഷിത്തൊഴിലുകളേയും മററു തൊഴിലുകളേയും സംബന്ധിച്ച ഒരു വിഭജനം നടത്തേണ്ടിയിരിക്കുന്നു.

കൃഷിത്തൊഴിലുകളെ താഴെ പറയുന്ന 4 വിഭാഗങ്ങളിലായി തരം തിരിച്ചിരിക്കുന്നു:

1. സ്വന്തം ഭൂമി കൃഷിചെയ്യുന്നവർ;
2. അന്യരുടെ ഭൂമിയിൽ കൃഷിചെയ്യുന്നവർ;
3. കൂലിക്കു് കൃഷിസ്ഥലങ്ങളിൽ ജോലിചെയ്യുന്നവർ;
4. സ്വന്തം ഭൂമി കൃഷിക്കായി മററുള്ളവർക്കു് കൊടുത്തുകൊണ്ടു് പാട്ടമോ, പാതിവാരമോ, കരമോ വാങ്ങുന്നവർ.

ജന്മിക്കരം വാങ്ങുന്നവരും നാലാംവകുപ്പിൽപ്പെടുന്നു. അതിനാൽ മുൻപു പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശപത്രികയിലെ 4-ം 5-ം വകുപ്പുകളിൽപ്പെടുന്നവരെ 4-ാം വകുപ്പിൽ പെടുത്തിയാൽ മതി.

കൃഷിയല്ലാത്ത മററു തൊഴിലുകളെ 200-ഓളം വിഭാഗങ്ങളിലായി ഇൻഡ്യാഗവണ്മെൻറു് വിഭജിച്ചിരിക്കുന്നു. എല്ലാ ആളുകളുടേയും തൊഴിലുകളെ സംബന്ധിച്ച വിശദവിവരങ്ങൾ എഴുതേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണു് ഉത്താംചോദ്യത്തിനു മൂന്നു വരികൾ അനുവദിച്ചിട്ടുള്ളതു്. 10-ം 11-ം ചോദ്യങ്ങൾ പൂരിപ്പിച്ചതിനുശേഷം 9-ാംചോദ്യം രണ്ടാംഭാഗം, 10-ാം ചോദ്യത്തിനുള്ള ഉത്തരത്തിൻെറ അടിസ്ഥാനത്തിൽ പൂരിപ്പിക്കുക. ഈ നിർദ്ദേശങ്ങൾ സ്വയം ജീവിക്കാൻ കഴിവുള്ളവരെ സംബന്ധിച്ചു മാത്രം ഉള്ളതാണെന്നു് എപ്പോഴും ഓർമ്മിക്കണം. (അതായതു് 9-ാംചോദ്യം ആദ്യഭാഗത്തു് 1 എന്നു രേഖപ്പെടുത്തിയവർ.)

9-ം 10-ം ചോദ്യങ്ങൾ പൂരിപ്പിക്കേണ്ടതു് എങ്ങിനെയെന്നു് വ്യക്തമാക്കുവാൻ ഏതാനും ഉദാഹരണങ്ങൾ താഴെ ചേക്കുന്നു:

1. ഏ. സ്വയം ജീവിക്കുവാൻ കഴിവുള്ള ഒരാളാണ്. അയാൾ താലൂക്ക് ആഫീസിൽ ഒരു ശിപായി ആണ്. മാസം 40 രൂപാ ശമ്പളം കിട്ടുന്നു. അയാൾക്ക് ഇരുപതുപറ നിലമുണ്ടു; അതിൽനിന്നുള്ള വരവു ആണ്ടിനാൽ ഏകദേശം 1000 രൂപാ ആണ്. വേറേ ആദായമാർഗ്ഗങ്ങളൊന്നും ഇല്ല. ഇതിൽനിന്നും അയാളുടെ പ്രധാനജീവിതമാർഗ്ഗം കൃഷിയും ശിപായിജോലി ഉപജീവിതമാർഗ്ഗം മാത്രം ആണെന്നും സ്പഷ്ടമാണല്ലോ.

അയാളുടെ കാർഡിൽ ഉത്തരങ്ങൾ പൂരിപ്പിക്കേണ്ടതു് ഇങ്ങനെയാണ്:—

9-ാംചോദ്യം ആദ്യഭാഗം ..........................1

10-ാംചോദ്യം.................................................1

11-ാംചോദ്യം........................ശിപായി (താലൂക്ക് ആഫീസ്)

അയാൾ സ്വയം കൃഷിചെയ്യുന്നുവോ അഥവാ മററുള്ളവരെ ഏർപ്പെടുത്തി കൃഷി ചെയ്യിക്കുന്നുവോ എന്ന ചോദ്യം ശേഷിക്കുന്നു. പത്താംചോദ്യം എഴുതുമ്പോൾ ഈ ചോദ്യം ചോദിക്കാൻ മറക്കരുതു്. മററാരെയും ഏർപ്പെടുത്താതെ താനും തന്റെ കുടുംബാംഗ

ങ്ങളും കൂടിച്ചേർന്നാണ് കൃഷി ചെയ്യുന്നത് എന്ന് അയാൾ പറയുന്നുവെങ്കിൽ അയാളെ ഒരു സ്വതന്ത്ര ജോലിക്കാരനായി കണക്കാക്കാം. 9–ാം ചോദ്യം രണ്ടാം ഭാഗത്തിൽ 3 എന്നു രേഖപ്പെടുത്തണം.

എന്നാൽ താൻ മററുള്ളവരെ ഏർപ്പെടുത്തി തന്റെ ഭൂമിയിൽ കൃഷി ചെയ്യിക്കുകയാണ് എന്നു പറയുന്നുവെങ്കിൽ രണ്ടാംഭാഗത്തിൽ 1 എന്ന് രേഖപ്പെടുത്തേണ്ടതാണ്.

അയാളുടെ കാർഡിൽ പത്താംചോദ്യത്തിനുത്തരമായി 'ശിപായി' എന്ന് ഉടനെതന്നെ രേഖപ്പെടുത്തിയിരുന്നുവെങ്കിൽ അത് ഒരു വലിയ തെററ് ആയിരുന്നേനെ. എന്തെന്നാൽ ശിപായിജോലിയിൽനിന്നും കിട്ടുന്നതിനേക്കാൾ ആദായം അയാൾക്ക് കൃഷിജോലിയിൽനിന്നും കിട്ടുന്നുണ്ടല്ലോ.

അതിനാൽ 9-ം 10-ം 11-ം ചോദ്യങ്ങളുടെ ഉത്തരങ്ങൾ എല്ലാം ചോദിച്ചു മനസ്സിലാക്കിയതിനുശേഷമേ ഓരോ ചോദ്യത്തിനും ഉത്തരം രേഖപ്പെടുത്താൻ തുടങ്ങാവൂ.

പരിശീലനസെൻസസ്സിൽ കടന്നുകൂടിയ തെററുകൾമൂലം ഈ മുൻകരുതലുകൾ അത്യാവശ്യമാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

2. കുടുംബത്തലവൻ ഒരു സ്ത്രീയാണെന്ന് ഇരിക്കട്ടെ, അവരുടെ ഭർത്താവ് ദൂരെ ഒരു സ്ഥലത്ത് താമസിച്ചുകൊണ്ട് മാസം 50 രൂപാവീതം അയച്ചുകൊടുക്കുന്നു. കൂടാതെ കുറച്ച് പെൺകുട്ടികളെ പാട്ടുപഠിപ്പിക്കുന്നതിനാൽ മാസം 60 രൂപ അവക്ക് വരവ് ഉണ്ട്. അവർ സ്വയം ജീവിക്കാൻ കഴിവുള്ളവരാണ്. വേറേ ആദായമാർഗ്ഗമൊന്നും ഇല്ലതാനും.

അതുകൊണ്ട് അവരുടെ കാഡ് താഴെ പറയും പ്രകാരം പൂരിപ്പിക്കണം.

9-ാം ചോദ്യം ആദ്യഭാഗം......1

10-ാം ചോദ്യം ......................പാട്ടുപഠിപ്പിക്കൽ.

11-ാം ചോദ്യം......................വെളിയിൽനിന്ന് വരവ്.

10-ാംചോദ്യത്തിന്റെ ഉത്തരത്തിൽനിന്നും അവർ ഒരു സ്വതന്ത്രജോലിക്കാരിയാണെന്ന് വരുന്നതിനാൽ 9-ാം ചോദ്യം രണ്ടാംഭാഗത്തിൽ 3 എന്ന് രേഖപ്പെടുത്തണം.

ഇവരുടെ സ്ഥിതി അല്പം വ്യത്യസ്തമാണെന്നു സങ്കല്പിക്കുക. അവക്ക് അവരുടെ ഭർത്താവിൽനിന്നു കിട്ടുന്ന പണം മാത്രമാണ് ആദായമാർഗ്ഗം. അത് അവരുടെ ജീവിതത്തിനു മതിയാകുമെങ്കിൽ അവരെ സ്വയം ജീവിക്കുന്ന ഒരാളായി കരുതേണ്ടതാണ്. (പെൻഷനുകൾകൊണ്ടും മററു വെളിയിൽ നിന്ന് ഉള്ള പണം വരവുകൊണ്ടും സ്വയം ജീവിക്കുവാൻ കഴിയുന്നവരെ

സ്വയം ജീവിക്കുന്നവരായി കരുതണം) അപ്പോൾ അവരുടെ കാർഡിൽ:

9-ാം ചോദ്യം-ആദ്യഭാഗം_1, രണ്ടാംഭാഗം- 0

10-ാം ചോദ്യം... വെളിയിൽനിന്ന് പണംവരവ്.

11-ാം ചോദ്യം .......................0

എന്ന് രേഖപ്പെടുത്തണം.

9-ാം ചോദ്യം ആദ്യഭാഗത്തിൽ 2, 3 എന്ന് രേഖപ്പെടുത്തിയിരുന്നവരുടെ കാഡ്ഡുകളിൽ ആ ചോദ്യം രണ്ടാംഭാഗത്തിൽ എപ്പോഴും '()' എന്നു തന്നെ രേഖപ്പെടുത്തേണ്ടതാണ്. അങ്ങനെയുള്ളവരുടെ കാഡ്ഡുകളിൽ പതിനൊന്നാം ചോദ്യത്തിനുത്തരമായി അവർ ആരെ ആശ്രയിച്ചു നിൽക്കുന്നുവോ അയാളുടെ പ്രധാന ജീവിതമാർഗ്ഗമാണ് എടുത്ത് എഴുതേണ്ടതു്.

9-ാം ചോദ്യം ആദ്യഭാഗത്തിൽ 3 എന്നു (വരുമാനമുള്ള ആശ്രിതർ) രേഖപ്പെടുത്തിയവരുടെ കാർഡുകളിൽ പതിനൊന്നാം ചോദ്യത്തിനുത്തരമായി അവക്ക് വരുമാനമുള്ള ആദായമാർഗ്ഗത്തിൻെറ പേരു് എഴുതണം. സൌകര്യത്തിനുവേണ്ടി ഒരു ഉദാഹരണം താഴെ ചേക്കുന്നു:—

ഒരു അദ്ധ്യാപകനു് തീപ്പെട്ടിക്കമ്പനിയിൽ ക്ലാക്ക് ജോലിയുള്ള ഒരു മകനുണ്ടെന്നിരിക്കട്ടെ, മാസംതോറും 40 രൂപായും മകനു് 25 രൂപായും ശമ്പളം കിട്ടുന്നു. അവർക്കു വേറേ ആദായമാർഗ്ഗങ്ങളൊന്നും ഇല്ല. വീട്ടു


പുലർത്തുന്നതു് അദ്ധ്യാപകനാണു്. അദ്ധ്യാപകനു് ഒരു ആദായമാർഗ്ഗമെയുള്ളു; അയാളുടെ ശമ്പളം 80 രൂപാ; ഇവരുടെ കാർഡുകളിലെ ഉത്തരങ്ങൾ രേഖപ്പെടുത്തേണ്ടതു് ഇങ്ങനെയാണു്:—

| | അച്ഛന്റെ കാർഡു്. | മകന്റെ കാർഡു്. |
|---|---|---|
| ചോദ്യം 9 | 1/2 | 3/0 |
| ,, 10 | അദ്ധ്യാപകൻ ഇംഗ്ലീഷ്ഹൈസ്ക്കൂൾ. | അദ്ധ്യാപകൻ ഇംഗ്ലീഷ്ഹൈസ്ക്കൂൾ. |
| ,, 11 | ൦. | ക്ലാർക്കു്, തീപ്പെട്ടികമ്പനി. |

ഇവിടെ മകന്റെ കാർഡിൽ പത്താംചോദ്യത്തിനെതിരെ 'അദ്ധ്യാപകൻ' എന്നു് എഴുതിയിട്ടുള്ളതു് അയാളുടെ പ്രധാന ജീവിതമാർഗ്ഗത്തെയല്ല കുറിക്കുന്നതു്, പ്രത്യുത അയാൾ ആരെ ആശ്രയിച്ചുനില്ക്കുന്നുവോ അയാളുടെ പ്രധാന ജീവിതമാർഗ്ഗത്തെയാണു്.

വരുമാനമുള്ള ആശ്രിതരുടേയും വരുമാനമില്ലാത്ത ആശ്രിതരുടേയും കാർഡുകളിൽ, അവർ ആരെ ആശ്രയിച്ചു നിൽക്കുന്നുവോ അവരുടെ പ്രധാന ജീവിതമാർഗ്ഗം എഴുതുന്നതു് ഓരോ തൊഴിലിലും ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ എണ്ണവും അവരെ ആശ്രയിച്ചുനിൽക്കുന്ന ആളുകളുടെ എണ്ണവും അറിയുന്നതിനു വേണ്ടിയാണു്.

അങ്ങനെ 9-ം 10-ം 11-ം ചോദ്യങ്ങൾ പൂരിപ്പിക്കേണ്ടതു് താഴെ കാണിച്ചിരിക്കുംപ്രകാരമാണു്:-




9. 2 3——▷ | 0

10.

11.

1. സ്വയം ജീവിക്കാൻ കഴിവുള്ളവരെ കുറിക്കുന്നു.

2-ം 3-ം വരുമാനമില്ലാത്ത ആശ്രിതരേയും വരുമാനമുള്ള ആശ്രിതരേയും കുറിക്കുന്നു.

ചോദ്യം 9. രണ്ടാംഭാഗം.

സ്വയം ജീവിക്കാൻ കഴിവുള്ളവരുടെ കാർഡുകളിൽ അവരുടെ വരുമാനം അടുത്തൂണുകളോ, മററുള്ളവര അയക്കുന്ന പണമോ, പാട്ടമോ, പാതിവാരമോ, ജന്മിക്കരമോ, കെട്ടിടങ്ങളുടെ വാടകയോ ആണെങ്കിൽ 0 എന്നു എഴുതണം. (അതായത് അവർ സാമ്പത്തിക ജോലികളിൽ ഏർപ്പെടാതെ വരുമാനം ലഭിക്കുന്നവരാണ്.)

## കുറിപ്പ്:— സ്ഥാപനങ്ങൾ-സ്പെഷ്യൽ ബ്ലാക്കുകൾ.

സ്ഥാപനങ്ങളെ എന്യൂമറേറ്റ് ചെയ്യുമ്പോൾ അതിൻെറ പേരു് കാർഡിൻെറ മുകളിൽ എഴുതണം. അവകളിലെ താമസക്കാർക്കു ഗൃഹനാഥനോടുള്ള ബന്ധങ്ങൾ എഴുതേണ്ട ആവശ്യമില്ലല്ലാ.

സന്ന്യാസിമഠങ്ങൾ, കന്യാസ്ത്രീമഠങ്ങൾ, മുതലായ മതപരസ്ഥാപനങ്ങളിൽ താമസിക്കുന്നവരുടെ കാർഡുകളിൽ 9-ം 10-ം 11-ം ചോദ്യങ്ങൾക്കു് ഉത്തരം ആയി 'Religious Order' 'മതപ്രവർത്തനം' എന്നു് എഴുതിയാൽ മതി. അവക്കു് സാധാരണയായി വ്യക്തിപരമായി വരുമാനം ഇല്ലല്ലോ.

ക്ഷേത്രങ്ങൾ, പള്ളികൾ, മുതലായ മതപരസ്ഥാപനങ്ങളിൽ അവയിലെ ജോലിക്കാർ താമസിക്കുന്ന കെട്ടിടങ്ങൾ ഉണ്ടായിരുന്നേക്കാം. അവക്കു് ശമ്പളം ലഭിക്കുന്നുണ്ടെങ്കിൽ ഓരോ കുടുംബങ്ങളായി കരുതി അടുത്തുള്ള സാധാരണ ബ്ളാക്കിൽ ചേർത്തു് എന്യൂമറേററ് ചെയ്യേണ്ടതാണ്. അവക്കു് ശമ്പളമൊന്നും ലഭിക്കുന്നില്ലെങ്കിൽ മുൻപറഞ്ഞതുപോലെ സ്പെഷ്യൽ ബ്ളാക്കിൽ ചേർത്തു് എഴുതണം.

ജയിൽപുള്ളികളുടേയും അനാഥമന്ദിരങ്ങളിൽ താമസിക്കുന്നവരുടേയും കാർഡുകളിൽ 9-ം 1-ം 11-ം ചോദ്യങ്ങൾക്കു് ഉത്തരമായി 'ജയിൽപുള്ളി' അഥവാ 'അനാഥമന്ദിരവാസി' എന്നു എഴുതിയാൽമതി.

ആശുപത്രികൾ. എല്ലാ പ്രധാന വിവരങ്ങളും രോഗിയിൽനിന്നുതന്നെയോ, അയാൾക്ക് കഴിവില്ലാത്ത പക്ഷം ഡാക്ടരുടെ സഹായത്തോടുകൂടി ആശുപത്രി രേഖകളിൽനിന്നോ എഴുതേണ്ടതാണ്.

യാചകർ. മററു സ്ഥാപനങ്ങളിലൊന്നും താമസിക്കാത്ത യാചകരുടെ കാർഡുകളിൽ 9-ാം ചോദ്യം ഒന്നാം ഭാഗത്തിന് 1 എന്നും രണ്ടാം ഭാഗത്തിന് 0 എന്നും ഉത്തരം എഴുതാവുന്നതാണ്. പത്താം ചോദ്യത്തിനുത്തരമായി യാചകൻ എന്ന് എഴുതുക.

ചോദ്യം 13. ഈ ചോദ്യം പുരുഷന്മാരെയും അവിവാഹിതകളെയും ബാധിക്കുന്നതല്ല; ആ കാർഡുകളിൽ 0 എന്ന് എഴുതണം.

വിവാഹിതകളുടെ കാർഡുകളിൽ ഈ ചോദ്യത്തിന് ഉത്തരം എഴുതുന്നതിനുള്ള ഭാഗം നാലായി ഭാഗിക്കുക. നാലാംഭാഗത്തിൽ നിന്ന് എഴുതിത്തുടങ്ങുന്നതാണ് നല്ലത്. ആദ്യമായി ജീവിച്ചിരുപ്പുള്ള മക്കളുടെ എണ്ണം എഴുതണം. പിന്നീട് ആകെ ജനിച്ച കുട്ടികളുടെ എണ്ണവും അതിനുശേഷം ആദ്യത്തെ കുട്ടി ജനിച്ചപ്പോൾ അവരുടെ വയസ്സും എഴുതുക.

ഒന്നാംഭാഗത്തിൽ, വൈവാഹികജീവിതത്തിൽ പൂർത്തിയായ വർഷങ്ങളുടെ എണ്ണം താഴെ പറയും പ്രകാരം കണക്കുകൂട്ടിവേണം എഴുതുവാൻ.

1. വളരെ ശൈശവത്തിൽ വിവാഹം നടന്നിട്ടുണ്ടെങ്കിലും വിവാഹജീവിതം പതിമ്മൂന്നു വയസ്സുമുതല്ക്കേ കണക്കാക്കേണ്ടതുള്ളു. പതിമ്മൂന്നു വയസ്സിനുശേഷമാണ് വിവാഹം നടന്നിട്ടുള്ളതെങ്കിൽ അതു് നടന്ന തീയതി മുതൽ കണക്കാക്കണം.

2. സ്ത്രീക്ക് 50 വയസ്സാകുന്നതുവരെയോ അഥവാ ഭർത്താവ് മരിക്കുന്നതുവരെയോ, ഏതാണ് ആദ്യം സംഭവിക്കുന്നതു്, അതുവരെമാത്രമേ വൈവാഹികജീവിതമായി കണക്കാക്കേണ്ടതുള്ളു.

കുറിപ്പ്:— ഭർത്താവുമരിച്ചതിനാലോ വിവാഹമോചനത്താലോ ഒന്നിൽ കൂടുതൽ വിവാഹങ്ങൾ കഴിച്ചിട്ടുള്ളവരുടെ കാർഡുകളിൽ, രണ്ടു വിവാഹങ്ങളുടെ ഇടക്ക് അവക്ക് ഭർത്താവില്ലാതിരുന്ന വർഷങ്ങളുടെ എണ്ണം കുറച്ചതിനുശേഷം മാത്രമേ വൈവാഹികജീവിതത്തിൽ പൂർത്തിയായ വർഷങ്ങളുടെ എണ്ണം എഴുതാവൂ.

PRINTED BY
THE SUPERINTENDENT
GOVERNMENT PRESS
TRIVANDRUM.
1950.

1951-ലെ ഇൻഡ്യൻ സെൻസസ്സ്.

652

# എന്യൂമറേഷൻ മാനുവൽ.
## (പരിശിഷ്ടം)

GRANDHASALA
THENMOORKONAM

सत्यमेव जयते

## തിരുവിതാംകൂർ-കൊച്ചി
## സംസ്ഥാനം

തിരുവിതാംകൂർ-കൊച്ചി സെൻസസ്സ് സൂപ്രണ്ട് പ്രസിദ്ധീക